# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2700** **19/12/2012** -ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിലെ കർഷക തൊഴിലാളികൾക്ക് അധി വർഷാനുകൂല്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ എത്ര പേർ കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗമായി ചേർന്നിട്ടുണ്ട്; | (എ) 30/11/2012 വരെ 2,82,965 പേർ ചേർന്നിട്ടുണ്ട്. |
| (ബി) അധി വർഷാനുകൂല്യത്തിന് എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; | (ബി) 52,706 പേർ |
| (സി) 2011-12 വർഷത്തിൽ എത്രപേർക്ക് അധി വർഷ ആനുകൂല്യം അനുവദിച്ചു; ഇനി എത്ര പേർക്ക് അനുവദിക്കാനുണ്ട്; | (സി) 2011-12 വർഷത്തിൽ 814 പേർക്ക് അധിവർഷാനുകൂല്യം അനുവദിച്ചു. ഇനി 16,533 പേർക്ക് അതിവർഷാനുകൂല്യം അനുവദിക്കാനുണ്ട്. |
| (ഡി) ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്? | (ഡി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മൂലം വർഷങ്ങളായുള്ള അധി വർഷാനുകൂല്യം വിതരണം ചെയ്യുന്നതിന് കുടിശ്ശികയായുണ്ട്. ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിലാളികളിൽ നിന്നുള്ള അംശദായ വിഹിതം 5/- രൂപയിൽ നിന്നും 10/- രൂപയായി വർദ്ധിപ്പിക്കുന്നതിനും റവന്യൂ വകുപ്പ് മുഖാന്തിരം ഭൂവുടമാ വിഹിതം കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിനും മാച്ചിംഗ് ഗ്രാന്റ് അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/